# പതിനാലാം കേരള നിയമസഭ
# (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4783 19.05.2017-ൽ മറുപടിയ്ക്ക്**

## തീരദേശ വികസനത്തിനായി റോഡുകളും സ്കൂളുകളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) തീരദേശത്തെ റോഡുകൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി ഈ സർക്കാർ വന്ന ശേഷം ഫിഷറീസ് വകുപ്പ് ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക സഹായങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന 210 തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിനായി 8,265.63 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| തിരുവനന്തപുരം | 22 റോഡുകൾ | 812.68 ലക്ഷം രൂപ |
| കൊല്ലം | 24 റോഡുകൾ | 1,198.70 ലക്ഷം രൂപ |
| ആലപ്പുഴ | 49 റോഡുകൾ | 1,608.88 ലക്ഷം രൂപ |
| കോട്ടയം | 5 റോഡുകൾ | 320.41 ലക്ഷം രൂപ |
| എറണാകുളം | 19 റോഡുകൾ | 667.20 ലക്ഷം രൂപ |
| തൃശ്ശൂർ | 16 റോഡുകൾ | 400.25 ലക്ഷം രൂപ |
| മലപ്പുറം | 15 റോഡുകൾ | 667.36 ലക്ഷം രൂപ |
| കോഴിക്കോട് | 28 റോഡുകൾ | 980.67 ലക്ഷം രൂപ |
| കണ്ണൂർ | 18 റോഡുകൾ | 1,029.70 ലക്ഷം രൂപ |
| കാസർഗോഡ് | 14 റോഡുകൾ | 579.78 ലക്ഷം രൂപ |

| | |
|---|---|
| ബി) തീരദേശത്തെ സ്കൂളുകളുടെ അഭിവൃദ്ധിക്കായി വകുപ്പിന് ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ബി) തീരദേശത്തെ സ്കൂളുകളുടെ അഭിവൃദ്ധിക്കായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ആഫീസർ

## അനുബന്ധം

തീരദേശത്തെ സ്കൂളുകളുടെ അഭിവൃദ്ധിയ്ക്കായി 2016-17 സാമ്പത്തിക വർഷം മുതൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പദ്ധതികൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്നു.

**മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാനസൗകര്യവും മാനവശേഷി വികസനവും പദ്ധതി (2016-17)**

| ക്രമ നം | പദ്ധതികൾ | അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂൾ, അടുക്കത്ത്ബയൽ, കസബ, കാസർഗോഡ് പുതിയ കെട്ടിട നിർമ്മാണം | 149.00 |
| 2 | ഗവൺമെന്റ് മോഡൽ അപ്പർ പ്രൈമറി സ്കൂൾ, പുതിയങ്ങാടി, കണ്ണൂർ പുതിയ കെട്ടിട നിർമ്മാണം | 121.00 |
| 3 | ജി.ആർ.എഫ്.ടി.എച്ച്.എസ്., അഴീക്കൽ, കണ്ണൂർ പുതിയ കെട്ടിട നിർമ്മാണം | 217.00 |
| 4 | ഗവൺമെന്റ് ഫിഷറീസ് ഹയർ സെക്കണ്ടറി സ്കൂൾ, പുതിയാപ്പ, കോഴിക്കോട് പുതിയ കെട്ടിട നിർമ്മാണം | 203.00 |
| 5 | ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, മടപ്പള്ളി, കോഴിക്കോട് പുതിയ കെട്ടിട നിർമ്മാണം | 250.00 |
| 6 | ഗവൺമെന്റ് മോഡൽ അപ്പർ പ്രൈമറി സ്കൂൾ, ചീരാൻ കടപ്പുറം, താനൂർ, മലപ്പുറം പുതിയ കെട്ടിട നിർമ്മാണം | 167.00 |
| 7 | ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, പുത്തൻതോട്, ചെല്ലാനം, എറണാകുളം പുതിയ കെട്ടിട നിർമ്മാണം | 120.00 |
| 8 | ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, കടമകുടി, എറണാകുളം പുതിയ കെട്ടിട നിർമ്മാണം | 435.30 |
| 9 | ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, വലിയഴീക്കൽ, ആലപ്പുഴ ടോയ്ലറ്റ് ബ്ലോക്ക് നിർമ്മാണം | 25.00 |
| 10 | ജി.ആർ.എഫ്.ടി.എച്ച്.എസ്., വലിയതുറ, തിരുവനന്തപുരം പുതിയ കെട്ടിട നിർമ്മാണം | 466.00 |
| 11 | തീരദേശ സ്കൂളുകളിൽ അടുക്കള നിർമ്മാണം | 200.00 |
| 12 | തീരദേശ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് നിർമ്മാണം | 280.00 |
| 13 | തീരദേശ സ്കൂളുകളിലെ വിദ്യാർത്ഥിനികൾക്ക് സൗജന്യ സൈക്കിൾ വിതരണം | 100.00 |
| 14 | തീരദേശ സ്കൂളുകളിൽ കായിക വികസനം | 250.00 |

നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന പദ്ധതി ട്രാഞ്ചേ 22 (2016-17)പ്രകാരം താഴെ പറയുന്ന പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കേരള തീരദേശ വികസന കോർപ്പറേഷൻ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

| ക്രമ നം | പദ്ധതികൾ | അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, ഞാറയ്ക്കൽ, എറണാകുളം പുതിയ കെട്ടിട നിർമ്മാണം | 420.00 |
| 2 | ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂൾ, നല്ലില, കൊല്ലം പുതിയ കെട്ടിട നിർമ്മാണം | 185.00 |
| 3 | ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂൾ, വെള്ളിമൺ, കൊല്ലം പുതിയ കെട്ടിട നിർമ്മാണം | 277.00 |

2017-18 സാമ്പത്തിക വർഷം മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാനസൗകര്യവും മാനവശേഷി വികസനവും പദ്ധതിയിൽ ഉൾപ്പെടുത്തി ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിലെ

വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി പഠനസാമഗ്രികൾ വാങ്ങുന്നതിന് 23 ലക്ഷം രൂപയുടെയും, 10 ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളുടെ പ്രവർത്തന ചെലവിനായി 185 ലക്ഷം രൂപയുടെയും തീരദേശത്തെ സ്കൂളുകളിൽ കായിക സൗകര്യം ഏർപ്പെടുത്തുന്നതിനായി 63 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട് കൂടാതെ ഫിഷറീസ് സ്കൂളുകളുടെ വികസനത്തിനായി 146.00 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ആഫീസർ